മറിയക്കുട്ടിയുടെ സംശയാസ്പദമായ മരണം

35 [1147] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിൽ കീഴ്പറമ്പ് സ്വദേശി മറിയക്കുട്ടിയുടെ സംശയാസ്പദമായ മരണത്തെക്കുറിച്ച് അന്വേഷണം നടത്തുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ആരുടെയെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) അന്വേഷണം നടത്തിവരികയാണ്.

(ബി) ഹുസൈൻ എന്നയാളുടെ പരാതി ലഭിച്ചിട്ടുണ്ട്.

(സി) പരാതി പ്രകാരം ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 302-ം വകുപ്പ് പ്രകാരം ക്രൈം 285/95-ം നമ്പരായി അരിക്കോട് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് പ്രതിയെ കണ്ടുപിടിക്കുന്നതിനുള്ള അന്വേഷണം നടത്തിവരികയാണ്.

സിസ്റ്റർ അഭയയുടെ കൊലപാതകം

36 [1149] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയത്ത് സിസ്റ്റർ അഭയയുടെ കൊലപാതകം സംബന്ധിച്ച് സി. ബി. ഐ. നടത്തുന്ന അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സി. ബി. ഐ. ഒരു കേന്ദ്ര ഏജൻസിയാകയാൽ അവർ നടത്തുന്ന അന്വേഷണത്തിന്റെ പുരോഗതി സംസ്ഥാന സർക്കാരിനെ അറിയിക്കാറില്ല.

ലിൻഡയുടെ മരണം സംബന്ധിച്ച അന്വേഷണം

37 [1151] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ ലിൻഡ എന്ന കുട്ടി 1995 ഒക്ടോബർ നാലിന് മരിക്കാനിടയായ സംഭവം സംബന്ധിച്ച് മുഖ്യമന്ത്രിക്കും ആരോഗ്യമന്ത്രിക്കും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത് സംബന്ധിച്ച് അങ്കമാലി പോലീസ് കേസ്സെടുത്തിട്ടുണ്ടോ;

(ഡി) കുട്ടി മരിക്കാനിടയായ കാരണം വ്യക്തമാക്കാമോ;

(ഇ) പോസ്റ്റുമാർട്ടം റിപ്പോർട്ടിൽ മരണകാരണം വ്യക്തമാക്കിയിട്ടുണ്ടോ;

(എഫ്) ഈ കേസ്സ് അന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതിയെപ്പറ്റി പെരുമ്പാവൂർ ഡി. വൈ. എസ്. പി. അന്വേഷണം നടത്തിവരികയാണ്.

(സി) അസ്വാഭാവിക മരണം എന്ന ശീർഷകത്തിൽ ക്രൈം 360/95-ാം നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തു.

(ഡി) രാസപരിശോധനയുടെ ഫലം ലഭിച്ച ശേഷമേ മരണകാരണം വ്യക്തമാകുകയുള്ളൂ.

(ഇ) വ്യക്തമാക്കിയിട്ടില്ല. രാസപരിശോധനാഫലം ലഭിച്ചശേഷം അന്തിമ അഭിപ്രായം അറിയിക്കാമെന്നാണ് ജില്ലാ പോലീസ് സർജൻ പറഞ്ഞിട്ടുള്ളത്.

(എഫ്) ഈ നിർദ്ദേശം പരിഗണനയിലില്ല.

സീനയുടെ സംശയാസ്പദമായ മരണം

38 [1152] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1994 ജനുവരി 26-ാം തീയതി കോഴിക്കോട് മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട സീനയുടെ സംശയാസ്പദമായ മരണം സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് സീനയുടെ പിതാവ് ശിവദാസൻ നൽകിയ പരാതിയിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേസ് ക്രൈംബ്രാഞ്ചിന് ഏൽപ്പിച്ചുകൊടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly